**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2923** **12-07-2022 - ൽ മറുപടിയ്ക്ക്**

**മത്സ്യ ഗുണനിലവാരവും മാർക്കറ്റ് ശുചിത്വവുമുറപ്പാക്കാൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ സി ആർ മഹേഷ്,<br>ശ്രീ. റോജി എം. ജോൺ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ജനങ്ങൾക്ക് ഗുണനിലവാരമുള്ള പച്ചമത്സ്യം ലഭ്യമാക്കുന്നതിന് ആവിഷ്കരിച്ച പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | ഫിഷറീസ് വകുപ്പിന് കീഴിലുള്ള സൊസൈറ്റി ഫോർ അസിസ്റ്റൻറസ് ടു ഫിഷർവിമെൻ (സാഫ്) മുഖേന 2 മുതൽ 5 വരെ അംഗങ്ങൾ അടങ്ങുന്ന വനിതാ ഗ്രൂപ്പുകൾ രൂപീകരിച് 9തീരദേശ ജില്ലകളിലും പച്ചമത്സ്യ വിപണന സ്റ്റാളുകൾ നടത്തി വരുന്നു. കൂടാതെ മത്സ്യബന്ധന വിപണനരംഗങ്ങളിൽ ഗുണമേൻമ ഉറപ്പ് വരുത്താൻ പുതിയ സാങ്കേതിക വിദ്യകളുടെ പിൻബലത്തിൽ മൂല്യവർദ്ധിത ഉൽപ്പന്ന സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി (CIFT) മായി ചേർന്ന് മത്സ്യത്തൊഴിലാളി വനിതകൾക്കായുള്ള ശീതീകരണ സംവിധാനത്തോടു കൂടിയ 20 മത്സ്യവിപണന കിയോസ്ക് വിതരണം ചെയ്തിട്ടുണ്ട്. കൊല്ലം, കോട്ടയം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിലെ 44 ഗുണഭോക്താക്കൾ ഇതിലെ അംഗങ്ങളാണ്.<br><br>കൊച്ചിൻ ഷിപ്പിയാർഡ് ലിമിറ്റഡിൻറെ CSR ഫണ്ട് ഉപയോഗിച്ച്CIFT രൂപകല്പന ചെയ്ത 26 ഹൈജീനിക് റെഫ്രിജറേറ്റഡ് മൊബൈൽ ഫിഷ് വെൻറിങ് കിയോസ്കുകൾ സാഫിന്റെ ഗുണഭോക്തൃ ഗ്രൂപ്പുകൾക്ക് വിതരണം ചെയ്യുന്നു.<br><br>ഗുണനിലവാരമുള്ള മത്സ്യം ശുചിത്വമായ സാഹചര്യത്തിൽ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിന് മത്സ്യഫെഡ് ആധുനീകരിച്ച എയർകണ്ടീഷൻ ചെയ്ത ഫിഷ്മാർട്ടുകൾ സ്ഥാപിച്ച് പ്രവർത്തിച്ചു വരുന്നു. മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള |

| | | | |
|---|---|---|---|
| | | | മത്സ്യത്തൊഴിലാളി പ്രാഥമിക സഹകരണ സംഘങ്ങൾ വഴിയും ഫിഷ് ലാൻറിംഗ് സെൻററുകളിൽ നിന്നും നേരിട്ടും ഗുണമേന്മയുള്ള മത്സ്യം സംഭരിച്ച് വൃത്തിയാക്കി ഫിഷ്മാർട്ടുകൾ വഴി വിപണനം ചെയ്യുന്നതിന് സംസ്ഥാന സർക്കാർ ധനസഹായത്തോടെ 53 ഫിഷ്മാർട്ടുകൾ സ്ഥാപിച്ച് പ്രവർത്തിപ്പിച്ചു വരുന്നു. കൂടാതെ മത്സ്യഫെഡിന്റെ 'തീരത്തിൽ നിന്ന് മാർക്കറ്റിലേയ്ക്ക്' എന്ന പദ്ധതിയിൽ അന്നന്നുള്ള മത്സ്യം ഉപഭോക്താക്കൾക്ക് നേരിട്ട് എത്തിക്കുന്നതിന് 'അന്തിപച്ച' എന്ന നാമധേയത്തിൽ 10 മൊബൈൽ യൂണിറ്റുകളും പ്രവർത്തിപ്പിക്കുന്നു. കൂടാതെ സർവ്വീസ് സഹകരണ ബാങ്ക്/ സംഘങ്ങളുമായി ചേർന്ന് 60 ഫ്രാഞ്ചൈസി ഫിഷ്ബൂത്തുകളും പ്രവർത്തിക്കുന്നു. |
| (ബി) | മൂല്യവർദ്ധിതോല്പന്നങ്ങളിലൂടെ മത്സ്യത്തൊഴിലാളികളുടെ വരുമാന വർദ്ധനവ് സാധ്യമാക്കുന്നതിനുള്ള പദ്ധതികൾ ഉണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | വിവിധ ജില്ലകളിലെ മത്സ്യ മാർക്കറ്റുകളുടെ നവീകരണത്തിനും ശുചിത്വമുറപ്പാക്കാനും ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ നൽകാമോ? | (സി) | സംസ്ഥാനത്തെ തെരഞ്ഞെടുത്ത 51 മത്സ്യമാർക്കറ്റുകൾ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന ആധുനികവൽക്കരിക്കുന്നതിനായി 137.81 കോടി രൂപയുടെ കിഫ്ബി ധനസഹായം നൽകിയിട്ടുണ്ട്. ഓരോ മത്സ്യമാർക്കറ്റിലും ശുചിത്വം ഉറപ്പാക്കുന്നതിനായി പച്ച മത്സ്യത്തിനും ഉണക്ക മത്സ്യത്തിനും പ്രത്യേകം സ്റ്റാളുകൾ, മത്സ്യം വൃത്തിയായി കഴുകുന്നതിനാവശ്യമായ സിങ്ക്, മലിനജലം പൂർണ്ണമായും ഒഴുകിപ്പോകുന്ന രീതിയിലുള്ള ഡ്രെയിനേജ് സംവിധാനം, മത്സ്യം മുറിക്കുന്നതിനുള്ള സ്ലാബ് എന്നീ സംവിധാനങ്ങളോടുകൂടിയ വിപണന സ്റ്റാളുകൾ, മലിനജല സംസ്കരണ യൂണിറ്റ് എന്നിവ വിഭാവനം ചെയ്തിട്ടുണ്ട്. കച്ചവടക്കാർക്ക് വിശ്രമിക്കുന്നതിനായി റെസ്റ്റ് റൂം സൗകര്യം സ്ഥല ലഭ്യത അനുസരിച്ച് ഓരോ മത്സ്യമാർക്കറ്റിലും സജ്ജമാക്കുന്നതാണ്. ശുദ്ധജല ലഭ്യത, പുരുഷന്മാർക്കും സ്ത്രീകൾക്കും പ്രത്യേകം ടോയ്‌ലറ്റ് സംവിധാനം എന്നിവയും ഓരോ മത്സ്യമാർക്കറ്റിലും ഉറപ്പ് വരുത്തുന്നുണ്ട്. മത്സ്യഫെഡ് വഴി കൊല്ലം ജില്ലയിൽ അഞ്ചൽ, ഓച്ചിറ, ആലപ്പുഴ ജില്ലയിൽ അരൂർ എന്നീ മത്സ്യമാർക്കറ്റുകൾ നവീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന്റെ നിയന്ത്രണത്തിൽ മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് തൊഴിലവസരവും ഉപഭോക്താക്കൾക്ക് ഗുണനിലവാരമുള്ള മൂല്യവർദ്ധിത മത്സ്യ ഉൽപ്പന്നങ്ങൾ ലഭ്യമാക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ കൊല്ലം ശക്തികുളങ്ങരയിൽ ഒരു പ്രോസസ്സിംഗ് പ്ലാന്റ് പ്രവർത്തിച്ചുവരുന്നു. പ്രസ്തുത പ്ലാന്റിൽ നിന്നും ഗുണനിലവാരമുറപ്പാക്കിക്കൊണ്ട് സൗരോർജ്ജ ഡ്രൈയറിൽ ഉണക്കിയെടുത്ത മൂല്യവർദ്ധിത മത്സ്യ ഉൽപ്പന്നങ്ങൾ ഡ്രിഷ് കേരള എന്ന ബ്രാന്റിൽ വിപണിയിൽ എത്തിച്ചു വരുന്നു.

ഇതുകൂടാതെ ICAR-CIFT -ന്റെ സാങ്കേതിക സഹായത്തോടെ "റെഡി ടു ഈറ്റ്" മത്സ്യവിഭവങ്ങൾ "ഫിഷ് മെയ്ഡ്"എന്ന പേരിൽ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്തു വരുന്നു. ഫിഷ് കട്ട് ലറ്റ് ഫിഷ് മോമോസ്, ഫിഷ് റോൾഡ്, ഫിഷ് ബർഗർ എന്നിങ്ങനെയുള്ള ഉൽപ്പന്നങ്ങൾ നിർമ്മിച്ചു വിപണിയിൽ എത്തിച്ചു വരുന്നു. മറ്റു വിവിധ മത്സ്യ ഉൽപ്പന്നങ്ങളായ അച്ചാറുകൾ. ചമ്മന്തിപ്പൊടി മുതലായവയും പ്ലാന്റിൽ നിന്നും ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്തു വരുന്നു. മത്സ്യത്തൊഴിലാളി വനിതകൾ മുഖേനയാണ് ടി മൂല്യവർദ്ധിത മത്സ്യഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നത്.

മൂല്യവർദ്ധിതോൽപ്പന്നങ്ങളിലൂടെ മത്സ്യത്തൊഴിലാളി വനിതകളുടെ വരുമാന വർദ്ധനവ് സാധ്യമാക്കുന്നതിനായി സാഫ് മുഖേന ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം പദ്ധതി നടപ്പിലാക്കി വരുന്നു. മത്സ്യത്തൊഴിലാളി വനിതകൾക്കായി ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് 5 പേരടങ്ങുന്ന ഒരു യൂണിറ്റിന് പരമാവധി 5 ലക്ഷം രൂപ വരെ ഗ്രാൻറ് (ഒരംഗത്തിന് ഒരു ലക്ഷം രൂപ) അനുവദിക്കുന്നു. പദ്ധതി തുകയുടെ 75 ശതമാനം ഗ്രാൻറും 20 ശതമാനം ബാങ്ക് ലോണും 5 ശതമാനം ഗുണഭോക്തൃ വിഹിതവുമാണ്. ടി പദ്ധതിയിലൂടെ നിരവധി മൂല്യവർദ്ധിതോൽപ്പന്നങ്ങൾ ആരംഭിച്ചിട്ടുണ്ട്. തീരമൈത്രി സംരംഭകർ ഹാർബറിൽ നിന്നും നേരിട്ട് ശേഖരിക്കുന്ന മൽസ്യം ഗുണനിലവാരവും ശുചിത്വവും ഉറപ്പാക്കി ഡ്രയറിൽ ഉണക്കി ആകർഷകമായി പാക്ക് ചെയ്ത് തീരമൈത്രി എന്ന ബ്രാൻഡിൽ ഉണക്ക മൽസ്യവും മൂല്യവർദ്ധിത മത്സ്യഉൽപ്പന്നങ്ങളും ഓൺലൈൻ മാർക്കറ്റിംങ്ങ് നടത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു.

തീരമൈത്രി സംരംഭങ്ങളിലെ 145 മൽസ്യസംസ്കരണ യൂണിറ്റുകളിൽ ഉൽപാദിപ്പിക്കുന്നതിൽ നിന്നും തെരഞ്ഞെടുത്ത ഗുണനിലവാരമുള്ള ആറ് തരം ഉണക്കമൽസ്യം കേരളത്തിലെമ്പാടുമുള്ള മാർക്കറ്റിൽ സാഫ് ലഭ്യമാക്കി വരുന്നു. തീരമൈത്രി സംരംഭകർ ഹാർബറിൽ നിന്നും നേരിട്ട് ശേഖരിക്കുന്ന മൽസ്യം ഗുണനിലവാരവും ശുചിത്വവും ഉറപ്പാക്കി ഡ്രയറിൽ ഉണക്കി ആകർഷകമായി പാക്ക് ചെയ്ത് മാർക്കററിൽ എത്തിക്കുന്നു. തീരമൈത്രി ഗ്രൂപ്പുകളുടെ ഡ്രൈഫിഷ് അപ്പെക്സ് ഫെഡറേഷനാണ് തീരമൈത്രി എന്ന ബ്രാൻഡിൽ ഗുണനിലവാരം ഉറപ്പാക്കിയ ഉണക്ക മൽസ്യം വിപണിയിലെത്തിക്കുന്നത്.

മത്സ്യമേഖലയിൽ പുത്തൻ സാങ്കേതികവിദ്യകളുടെ സഹായത്താൽ മത്സ്യം സംസ്കരിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി മാറ്റുന്നതിനും വൈവിദ്ധ്യവൽക്കരണം കൊണ്ടുവരുന്നതിനും മത്സ്യത്തൊഴിലാളി വനിതകൾക്ക് പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും മത്സ്യഉൽപ്പന്നങ്ങളുടെ വിപണന സാധ്യത ഉയർത്തുന്നതിനും 282 ലക്ഷം രൂപയുടെ Value Added Fish Production Unit – A New Business Platform for Fisherwomen പദ്ധതി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഇതുവഴി മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തി ഉയർന്ന ഗുണനിലവാരമുള്ള മത്സ്യഉൽപ്പന്നങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുന്നതിനും, മത്സ്യഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനും ലക്ഷ്യമിടുന്നു. 150 ഗുണഭോക്താക്കളെ ഉൾപ്പെടുത്തി കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ ജില്ലകളിലായി 15 Value Added Fish Production Unit കൾ രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നു. നിലവിൽ മത്സ്യവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ച് വരുന്ന 30 ചെറുകിടസംരംഭങ്ങളെ Value Added Fish Production Units ആയി

ഉയർത്തും. പുതിയതായി രൂപീകരിക്കുന്ന 10 പേര് വരെ അടങ്ങുന്ന ഒരു യൂണീറ്റിന് പദ്ധതിയുടെ 75% ആയ 10 ലക്ഷം രൂപ വരെ ഗ്രാൻറ് അനുവദിക്കുന്നു. ബാക്കി വരുന്ന 20% ബാങ്ക് ലോൺ ആയും 5% ഗുണഭോക്തൃവിഹിതമായും കണ്ടെത്തുന്നു. നിലവിലുള്ള Fish related activity യൂണീറ്റുകളുടെ വിപുലീകരണത്തിനായി ഒരു ലക്ഷം രൂപ വരെ ഗ്രാൻറ് അനുവദിക്കും. യൂണീറ്റുകളുടെ പ്രവർത്തനങ്ങൾക്കും നിലനിൽപ്പിനും ആവശ്യമായ പരിശീലനങ്ങൾ നൽകും. Fish Federation നെ ശക്തിപ്പെടുത്തുക വഴി സുസ്ഥിരമായ മാർക്കറ്റിംഗ് സംവിധാനം ഉറപ്പുവരുത്തുന്നു. ഒരേ ഗുണനിലവാരമുള്ള മത്സ്യ ഉൽപ്പന്നങ്ങൾക്കായി Common Facility Centre സ്ഥാപിക്കും. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനും ഉൽപ്പന്നത്തിൻറെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി Procurement Centre കൾ സ്ഥാപിക്കുംവാനും ഉദ്ദേശിക്കുന്നു. 300 മത്സ്യത്തൊഴിലാളി വനിതകൾക്ക് ഈ പദ്ധതിയിലൂടെ ഗുണം ലഭിക്കും. ഈ പദ്ധതിയിലൂടെ ഗ്രൂപ്പംഗങ്ങൾക്ക് കപ്പാസിറ്റി ട്രെയ്നിംഗ്, സ്കിൽ ട്രെയ്നിംഗ്, മാർക്കറ്റിംഗിലുള്ള പരിശീലനം എന്നിവ നൽകുവാൻ സാധിക്കും. കൂടാതെ ഗ്രൂപ്പുകളുടെ സുസ്ഥിരമായ നിലനിൽപ്പിനും കച്ചവടം അഭിവൃദ്ധിപ്പെടുനുമായി പലിശരഹിത വായ്പയും ബാങ്ക് ലോണിന് സബ്സിഡിയും നൽകുവാൻ ഉദ്ദേശിക്കുന്നു.

എറണാകുളം ജില്ലയിൽ  കൊച്ചങ്ങാടിയിൽ പ്രവർത്തിക്കുന്ന മത്സ്യഫെഡ് ഐസ് & ഫ്രീസിംഗ് പ്ലാൻറിൽ നിന്നും വിവിധതരം മത്സ്യ അച്ചാറുകളും  (ചെമ്മീൻ, ചൂര, ഓലക്കൊടി, കണവ) കട്‌ലറ്റ്, പീര എന്നീ വിവിധ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നു.സ്വയം സഹായ ഗ്രൂപ്പുകളിലെ വനിതകൾ നിർമ്മിക്കുന്ന റെഡി റ്റു ഈറ്റ് & റെഡി റ്റി കുക്ക് വിഭവങ്ങൾ മത്സ്യഫെഡ് ഈറ്റ്സ് & മത്സ്യഫെഡ് ട്രീറ്റ്സ്  എന്ന പേരിൽ  ചെമ്മീൻ ചമ്മന്തിപ്പൊടി, ചെമ്മീൻ റോസ്റ്റ്, രണ്ട് തരം ഫിഷ്കറിക്കൂട്ടുകൾ,  ഫിഷ് ഫ്രൈ മസാല എന്നിവയും ഫിഷ്മാർട്ടുകൾ,   ഫ്രാഞ്ചൈസി മാർട്ടുകൾ, അന്തിപച്ച യൂണിറ്റുകൾ വഴി വിപണനം ചെയ്തു വരുന്നു. മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണ യൂണിറ്റ് ആലപ്പുഴ മുളക്കുഴയിൽ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി (CIFT) ൻറെയും, കേന്ദ്ര കിഴങ്ങുവിള ഗവേഷണ കേന്ദ്രത്തിൻറെയും (CTCRI) സഹായത്തോടെ സ്ഥാപിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. പ്രധാൻമന്ത്രി മത്സ്യസമ്പദാ യോജന (PMMSY) പദ്ധതിയിൽ 10 യൂണിറ്റുകൾ കൂടി ആരംഭിക്കുന്നതിന് വിഭാവനം ചെയ്തിട്ടുണ്ട്.  മേൽ പദ്ധതികളിൽ കൂടുതൽ മത്സ്യത്തൊഴിലാളി സ്ത്രീ  പ്രാതിനിധ്യം ഉറപ്പാക്കുന്നുണ്ട്.